"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, കാവശ്ശേരി അക്കര എൻ. എം. യു. പി. സ്കൂൾ മാനേജർ ഫയൽ ചെയ്ത ഡബ്ല്യൂ. പി (സി) നം. 23305/2021 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 27.11.2021-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2275/2022/GEDN തീയതി,തിരുവനന്തപുരം, 06-04-2022

---

പരാമർശം:-

1. പാലക്കാട്, കാവശ്ശേരി അക്കര എൻ. എം. യു. പി. സ്കൂൾ മാനേജരുടെ 01/09/2021 തീയതിയിലെ പുന പരിശോധനാ ഹർജികൾ(Ext.P53 മുതൽ P62).
2. ബഹു. കേരള ഹൈക്കോടതിയുടെ 27.11.2021-ലെ W.P.(C) No. 23305/2021 മേലുള്ള വിധിന്യായം.
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28/01/2022, തീയതിയിലെ ബി6/6127/21 നമ്പർ കത്ത്.
4. ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 22/01/2022, തീയതിയിലെ സി/4771/21 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട്, കാവശ്ശേരി അക്കര എൻ. എം. യു. പി. സ്കൂൾ മാനേജർ ഫയൽ ചെയ്ത ഡബ്ല്യൂ. പി (സി) നം. 23305/2021 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാർ മുൻപാകെ ഫയൽ ചെയ്ത Ext.P53 മുതൽ P62 വരെ പുന പരിശോധനാ ഹർജികൾ ഹർജിക്കാരനെയും ബന്ധപ്പെട്ട എതിർ കക്ഷികളെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയത് പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 31.1.2022-ന് ഗൂഗിൾ മീറ്റ് വഴി കേട്ടു.

2. ബന്ധപ്പെട്ട അദ്ധ്യാപകരുടെ വാദം ചുവടെ ചേർക്കുന്നു.

**"ഷഹന എം.എ (എൽ.പി അറബിക്)**

01/06/2018 മുതൽ എൻ.എം.യു.പി സ്കൂളിൽ (പഴയ എച്ച്.എ.യു.പി) 2016-17 വർഷത്തിലെ എൽ.പി അറബിക് അധിക തസ്തികയിൽ നിയമിതയായ അധ്യാപികയാണ് ഞാൻ.

01/06/2018 മുതലുള്ള എന്റെ നിയമനം അംഗീകരിച്ച് കിട്ടുന്നതിനുവേണ്ടി മാനേജർ

NMUPS/06/2018/153-AEO തിയ്യതി 14/06/2018 പ്രകാരം അപേക്ഷ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ നിരസിക്കുകയാണ് ഉണ്ടായത്. ടി നിരസിച്ച ഉത്തരവിനെതിരെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ NMUPS/08/2018/158/DEO – തിയ്യതി 08/08/2018 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ നിരസിക്കുകയാണ് ഉണ്ടായത്. എന്നാൽ നിരസിച്ച ഉത്തരവിനെതിരെ ബഹു. പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെയും NMUPS/08/2018/159/DPI തിയ്യതി 08/08/2018 പ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയതിന് ഇതുവരെ ഒരു മറുപടിയും ലഭിച്ചിട്ടില്ല. ആയതുകൊണ്ട് വീണ്ടും ബഹു. ഡി.പി.ഐ അവർകൾ മുമ്പാകെ NMUPS/02/2019/18-DPI – തിയ്യതി 02/02/2019 നമ്പർ പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയതിനും ഇന്നേവരെ ഒരു മറുപടിയും ലഭിച്ചിട്ടില്ലാത്തതുമാകുന്നു.

എന്നാൽ സർക്കാരുടെ ഭാഗത്ത് നിന്നും പുതിയ ഉത്തരവുകൾ ഉണ്ടാവുകയും ആയതിന്റെ സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച് 26/03/2018 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടർ നം. എച്ച്2/11606/2019/ഡി.പി.ഐ എന്ന അറിയിപ്പിന്റെ അടിസ്ഥാനത്തിൽ മാനേജർ 30/03/2019 ന് NMUPS/03/2019/186-AEO ക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി ടി അപേക്ഷ നിരസിക്കുകയാണുണ്ടായത്.

എച്ച്2/19500/2019/ഡി.ജി.ഇ തിയ്യതി 26/02/2021 സർക്കുലർ അടിസ്ഥാനത്തിൽ മാനേജർ സത്യപ്രസ്താവന സമർപ്പിക്കുകയും ചെയ്തിരുന്നു. ടി സർക്കുലർ പ്രകാരം നിയമന അപേക്ഷ NMUPS/03/2021/153/(A)-AEO തിയ്യതി 18/03/2021 പ്രകാരം AEO ക്ക് വീണ്ടും സമർപ്പിക്കുകയും ആയത് പരിഗണിക്കാതെ ചില ന്യൂനത കാണിച്ച് കൊണ്ടുള്ള മറുപടി ലഭിക്കുകയും അവ പരിഹരിച്ച്കൊണ്ടുള്ള അപേക്ഷ വീണ്ടും ബഹു. മാനേജർ സമർപ്പിക്കുകയുണ്ടായി. എന്നാൽ അത് പരിഗണിക്കാതെ എ.ഇ.ഒ സൂചന (5) പ്രകാരം എന്റെ നിയമനം നിരസിക്കുകയാണ് ഉണ്ടായത് നിയമനങ്ങൾ അംഗീകരിക്കുന്നതിനുവേണ്ടി ബഹു. സർക്കാരുടെ ഭാഗത്ത് നിന്നും അനുകൂല ഉത്തരവുകൾ ഉണ്ടായിട്ടും 3 വർഷത്തിൽ കൂടുതലായി നിയമനം അംഗീകരിച്ച് കിട്ടാത്ത എന്റെ നിയമനം അംഗീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് വളരെ താഴ്മയോടെ അപേക്ഷിക്കുന്നു.

**ഷെഹർബാൻ.സി.എം**

06/06/2019 മുതൽ എൻ.എം.യു.പി സ്കൂളിൽ (പഴയ എച്ച്.എ.യു.പി) 2016-17 വർഷത്തിൽ 31/03/2017 തിയ്യതി വിരമിച്ച പി.ഉഷാദേവി എൽ.പി.എസ്.ടി എന്ന അധ്യാപികയുടെ ഒഴിവിൽ നിയമിതയായ അധ്യാപികയാണ് ഞാൻ.

06/06/2019 മുതലുള്ള എന്റെ നിയമനം അംഗീകരിച്ച് കിട്ടുന്നതിനുവേണ്ടി മാനേജർ NMUPS/06/2019/191-AEO തിയ്യതി 29/06/2019 പ്രകാരം അപേക്ഷ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ നിരസിക്കുകയാണ് ഉണ്ടായത്. ടി നിരസിച്ച ഉത്തരവിനെതിരെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ NMUPS/06/2020/222/DEO-25/06/2020 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ നിരസിച്ചിരുന്നു.

ടി നിരസിച്ച ഉത്തരവിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ 14/10/2020 ന് അപേക്ഷ നൽകുകയുണ്ടായി ആയതിന് ഇതുവരെ ഒരു മറുപടിയും ലഭിച്ചിട്ടില്ല. എച്ച്2/19500/2019/ഡി.ജി.ഇ തിയ്യതി 26/02/2021 ടി സർക്കുലർ അടിസ്ഥാനത്തിൽ മാനേജർ സത്യപ്രസ്താവന നൽകിയതുമൂലം നിയമനങ്ങൾ അംഗീകരിക്കുന്നതിനുവേണ്ടി ബഹു. സർക്കാരുടെ ഭാഗത്തു നിന്നും അനുകൂല ഉത്തരവുകൾ ഉണ്ടായിട്ടും 3 വർഷത്തിൽ കൂടുതലായി നിയമനം അംഗീകരിച്ച് കിട്ടാത്ത എന്റെ നിയമനം അംഗീകരിക്കുന്നതിനുവേണ്ട നടപടികൾ ബഹു. പ്രിൻസിപ്പൽ സെക്രട്ടറി അവർകൾ സ്വീകരിക്കണമെന്ന് വളരെ താഴ്മയോടെ അപേക്ഷിക്കുന്നു.

**ഷംന എ**

21/06/2017 മുതൽ എൻ.എം.യു.പി സ്കൂളിൽ (പഴയ എച്ച്.എ.യു.പി സ്കൂൾ) 2017-18 വർഷത്തിൽ ഉണ്ടായ അധികതസ്തികയിൽ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായി നിയമിതയായ അധ്യാപികയാണ് ഞാൻ.

21/06/2017 മുതലുള്ള എന്റെ നിയമനം അംഗീകരിച്ച് കിട്ടുന്നതിനുവേണ്ടി മാനേജർ അപേക്ഷ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ നിരസിക്കുകയാണ് ഉണ്ടായത്.

ടി നിരസിച്ച ഉത്തരവിനെതിരെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ NMUPS/11/2017/126/DEO – തിയ്യതി 31/10/2017 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ പ്രകാരം അപ്പീൽ തീർപ്പാക്കുന്നതിന് ആലത്തൂർ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. മാനേജർ NMUPS/08/2018/160/ AEO – തിയ്യതി 03/09/2018 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ നിരസിക്കുകയാണ് ഉണ്ടായത്. ടി നിരസിച്ച ഉത്തരവിനെതിരെ ബഹു. പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ NMUPS/02/2019/181/DPI തിയ്യതി 02/02/2019 പ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയതിന് ഇതുവരെ ഒരു മറുപടിയും ലഭിച്ചിട്ടില്ലാത്തതുമാകുന്നു. ആയതുകൊണ്ട് ഞാൻ ബഹു. ഹൈക്കോടതിയിൽ കേസ്സ് (WP(C) 4479/2019 dated 14/02/2019) ഫയൽ ചെയ്യുകയും സ.ഉ (സാധാ) നം. 3409/2019/പൊ.വി.വ തിയതി 26/08/2019 പ്രകാരം നിരസിക്കുകയാണ് ഉണ്ടായത് വീണ്ടും ബഹു. മാനേജർ NMUPS/03/2019/184 AEO തിയ്യതി 28/03/2019 അപേക്ഷ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ നിരസിക്കുകയാണ് ഉണ്ടായത്.

എച്ച്2/19500/2019/ഡി.ജി.ഇ തിയ്യതി 26/02/2021 സർക്കുലർ അടിസ്ഥാനത്തിൽ മാനേജർ സത്യപ്രസ്താവന സമർപ്പിക്കുകയും ചെയ്തിരുന്നു. ടി സർക്കുലർ പ്രകാരം നിയമന അപേക്ഷ NMUPS/03/2021/110/(A)-AEO തിയ്യതി 18/03/2021 പ്രകാരം ബഹു. AEO അവർകൾക്ക് വീണ്ടും സമർപ്പിക്കുകയും ആയത് പരിഗണിക്കാതെ ചില ന്യൂനത കാണിച്ച് കൊണ്ടുള്ള മറുപടി ലഭിക്കുകയും അവ പരിഹരിച്ച്കൊണ്ടുള്ള അപേക്ഷ വീണ്ടും ബഹു. മാനേജർ സമർപ്പിക്കുകയുണ്ടായി. എന്നാൽ അത് പരിഗണിക്കാതെ ബഹു. എ.ഇ.ഒ അവർകൾ എന്റെ നിയമനം നിരസിക്കുകയാണ് ഉണ്ടായത് നിയമനങ്ങൾ അംഗീകരിക്കുന്നതിനുവേണ്ടി ബഹു. സർക്കാരുടെ ഭാഗത്തു നിന്നും അനുകൂല ഉത്തരവുകൾ ഉണ്ടായിട്ടും 5 വർഷത്തിൽ കൂടുതലായി നിയമനം അംഗീകരിച്ച് കിട്ടാത്ത എന്റെ നിയമനം അംഗീകരിക്കുന്നതിനുവേണ്ട നടപടികൾ

ബഹു.പ്രിൻസിപ്പൽ സെക്രട്ടറി അവർകൾ സ്വീകരിക്കണമെന്ന് വളരെ താഴ്മയോടെ അപേക്ഷിക്കുന്നു.

**ഷിജി.വി (യു.പി.എസ്.ടി)**

01/06/2017 മുതൽ എൻ.എം.യു.പി സ്കൂളിൽ (പഴയ എച്ച്.എ.യു.പി) 2017-18 ൽ ഹെഡ്മാസ്റ്ററുടെ ക്ലാസ് ചാർജ് ഒഴിവാക്കിയ ഒഴിവിലും, 31/03/2020ന് വിരമിച്ച കെ.പി.റോസി എന്ന അധ്യാപികയുടെ ഒഴിവിൽ 01/06/2020 നും നിയമിതയായ അധ്യാപികയാണ് ഞാൻ.

01/06/2017 മുതലുള്ള എന്റെ നിയമനം അംഗീകരിച്ച് കിട്ടുന്നതിനുവേണ്ടി ബഹു.മാനേജർ അപേക്ഷ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ നിരസിക്കുകയാണ് ഉണ്ടായത്. ടി നിരസിച്ച ഉത്തരവിനെതിരെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ NMUPS/11/2017/125/DEO — തിയ്യതി 31/10/2017 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ നിരസിക്കുകയാണ് ഉണ്ടായത്. ടി നിരസിച്ച ഉത്തരവിനെതിരെ ബഹു. പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ NMUPS/09/2018/168/DPI തിയ്യതി 15/09/2018 പ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയതിന് ഇതുവരെ ഒരു മറുപടിയും ലഭിച്ചിട്ടില്ലാത്തതുമാകുന്നു.

HTV നിയമനം അംഗീകരിച്ചു കിട്ടാത്തതുമൂലം 31/03/2020 ന് വിരമിച്ച കെ.പി.റോസി യു.പി.എസ്.ടി എന്ന അധ്യാപികയുടെ ഒഴിവിൽ 01/06/2020 മുതൽ ബഹു. മാനേജർ എന്നെ പുനർനിയമനം നടത്തുകയും എന്റെ നിയമനം അംഗീകരിച്ച് കിട്ടുന്നതിനുവേണ്ടി ബഹു. മാനേജർ NMUPS/06/2020/221-AEO തിയ്യതി 17/08/2020 പ്രകാരം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി സ്കൂളുകൾ തുറന്നു പ്രവർത്തിക്കാനുള്ള സാഹചര്യം ഉണ്ടായിട്ടില്ലാത്തതിനാൽ ടി അപേക്ഷ തിരിച്ചു നല്കുകയാണുണ്ടായത്.

എച്ച്2/19500/2019/ഡി.ജി.ഇ തിയ്യതി 26/02/2021 സർക്കുലർ അടിസ്ഥാനത്തിൽ മാനേജർ സത്യപ്രസ്താവന സമർപ്പിക്കുകയും ചെയ്തിരുന്നു. ടി സർക്കുലർ പ്രകാരം എന്റെ നിയമന അപേക്ഷ സമന്വയ വഴി NMUPS/07/2021/221(A)-AEO തിയ്യതി 15/07/2021 ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷയിലൂടെ നിയമനം നിരസിക്കുകയാണ് ഉണ്ടായത് നിയമനങ്ങൾ അംഗീകരിക്കുന്നതിനുവേണ്ടി ബഹു. സർക്കാരുടെ ഭാഗത്തു നിന്നും അനുകൂല ഉത്തരവുകൾ ഉണ്ടായിട്ടും 5 വർഷത്തിൽ കൂടുതലായി നിയമനം അംഗീകരിച്ച് കിട്ടാത്ത എന്റെ നിയമനം അംഗീകരിക്കുന്നതിനുവേണ്ട നടപടികൾ ബഹു. പ്രിൻസിപ്പൽ സെക്രട്ടറി അവർകൾ സ്വീകരിക്കണമെന്ന് വളരെ താഴ്മയോടെ അപേക്ഷിക്കുന്നു.

**ആതിര എസ് (എൽ.പി.എസ്.ടി)**

01/06/2018 മുതൽ എൻ.എം.യു.പി സ്കൂളിൽ (പഴയ എച്ച്.എ.യു.പി സ്കൂൾ) 2018-19 വർഷത്തിൽ 31/05/2018 തിയ്യതി വിരമിച്ച ലാലി വി ജോർജ് എന്ന അധ്യാപികയുടെ ഒഴിവിൽ നിയമിതയായ അധ്യാപികയാണ് ഞാൻ.

01/06/2018 മുതലുള്ള എന്റെ നിയമനം അംഗീകരിച്ച് കിട്ടുന്നതിനുവേണ്ടി മാനേജർ NMUPS/06/2018/152-AEO — 14/06/2018 പ്രകാരം അപേക്ഷ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ

ഓഫീസർക്ക് സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ നിരസിക്കുകയാണ് ഉണ്ടായത്. ടി നിരസിച്ച ഉത്തരവിനെതിരെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ NMUPS/12/2018/177-DEO — തിയ്യതി 17/12/2018 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ നിരസിച്ചിരുന്നു. ടി നിരസിച്ച ഉത്തരവിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ NMUPS/12/2019/209/DPI 07/12/2019-ന് അപേക്ഷ നൽകുകയുണ്ടായി ആയതിന് ഇതുവരെ ഒരു മറുപടിയും ലഭിച്ചിട്ടില്ല.

എച്ച്2/19500/2019/ഡി.ജി.ഇ തിയ്യതി 26/02/2021 സർക്കുലർ അടിസ്ഥാനത്തിൽ മാനേജർ സത്യപ്രസ്താവന സമർപ്പിച്ചിട്ടുള്ളതാകുന്നു. ടി സർക്കുലർ പ്രകാരം നിയമന അപേക്ഷ NMUPS/03/2021/152(A)-AEO 18/03/2021 പ്രകാരം ബഹു. എ.ഇ.ഒ അവർകൾക്ക് വീണ്ടും സമർപ്പിച്ചിട്ടുള്ളതാകുന്നു. ആയത് പരിഗണിക്കാതെ ചില ന്യൂനത കാണിച്ച് കൊണ്ടുള്ള മറുപടി 15/05/2021 ന് ലഭിക്കുകയും ആയത് പരിഹരിച്ച് കൊണ്ടുള്ള അപേക്ഷ വീണ്ടും 03/06/2021 ന് സമർപ്പിക്കുകയുണ്ടായി. എന്നാൽ എന്റെ അപേക്ഷ മേൽ സൂചനകളിൽ പരമാമർശിച്ച പ്രകാരം വീണ്ടും നിരസിക്കുകയാണ് ഉണ്ടായത്. മാനേജർ സത്യപ്രസ്താവന നൽകിയതുമൂലം നിയമനങ്ങൾ അംഗീകരിക്കുന്നതിനുവേണ്ടി ബഹു. സർക്കാരുടെ ഭാഗത്തു നിന്നും അനുകൂല ഉത്തരവുകൾ ഉണ്ടായിട്ടും 3 വർഷത്തിൽ കൂടുതലായി നിയമനം അംഗീകരിച്ച് കിട്ടാത്ത എന്റെ നിയമനം അംഗീകരിക്കുന്നതിനുവേണ്ട നടപടികൾ ബഹു. പ്രിൻസിപ്പൽ സെക്രട്ടറി അവർകൾ സ്വീകരിക്കണമെന്ന് വളരെ താഴ്മയോടെ അപേക്ഷിക്കുന്നു.

**പ്രദീപ എം.വി (എൽ.പി.എസ്.ടി)**

അക്കര എൻ.എം.യു.പി സ്കൂളിൽ (പഴയ എച്ച്.എ.യു.പി സ്കൂൾ) 30/05/2020 വർഷം വരെ എൽ.പി.എസ്.ടി ആയിരുന്ന ലിസി മാത്യു കുന്നേൽ എന്ന അധ്യാപികയെ പ്രധാന അധ്യാപികയായി നിയമിച്ചതുമൂലം ഉണ്ടായ ഒഴിവിൽ 01/06/2020 മുതൽ നിയമിതയായ അധ്യാപികയാണ് ഞാൻ.

01/06/2020 മുതലുള്ള എന്റെ നിയമനം അംഗീകരിച്ച് കിട്ടുന്നതിനുവേണ്ടി മാനേജർ സമന്വയ വഴി NMUPS/06/2020/223-AEO തിയതി 01/06/2020 പ്രകാരം അപേക്ഷ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയുണ്ടായി. സ്കൂളുകൾ തുറന്നു പ്രവർത്തിക്കാനുള്ള സാഹചര്യം ഉണ്ടായിട്ടില്ലാത്തിനാൽ ടി അപേക്ഷ തിരിച്ചു നല്കുകയാണുണ്ടായത്.

എച്ച്2/19500/2019/ഡി.ജി.ഇ തിയ്യതി 26/02/2021 സർക്കുലർ അടിസ്ഥാനത്തിൽ മാനേജർ സത്യപ്രസ്താവന സമർപ്പിക്കുകയും ചെയ്തിരുന്നു. ടി സർക്കുലർ പ്രകാരം എന്റെ നിയമന അപേക്ഷ സമന്വയ വഴി NMUPS/07/2021/223(A)-AEO തിയതി 15/07/2021 ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷയിലൂടെ എന്റെ നിയമനം നിരസിക്കുകയാണ് ഉണ്ടായത്. നിയമനങ്ങൾ അംഗീകരിക്കുന്നതിനുവേണ്ടി ബഹു. സർക്കാരുടെ ഭാഗത്തു നിന്നും അനുകൂല ഉത്തരവുകൾ ഉണ്ടായിട്ടും 1 വർഷത്തിൽ കൂടുതലായി നിയമനം അംഗീകരിച്ച് കിട്ടാത്ത എന്റെ നിയമനം അംഗീകരിക്കുന്നതിനുവേണ്ട നടപടികൾ ബഹു. പ്രിൻസിപ്പൽ സെക്രട്ടറി അവർകൾ സ്വീകരിക്കണമെന്ന് വളരെ താഴ്മയോടെ അപേക്ഷിക്കുന്നു.

**സജീന എച്ച് (യു.പി.എസ്.ടി)**

01/06/2020 മുതൽ എൻ.എം.യു.പി സ്കൂളിൽ (പഴയ എച്ച്.എ.യു.പി സ്കൂൾ) 2020-21

വർഷത്തിൽ 31/05/2020 തിയ്യതി വിരമിച്ച കെ.ഗീത യു.പി.എസ്.ടി എന്ന അധ്യാപികയുടെ ഒഴിവിൽ നിയമിതയായ അധ്യാപികയാണ് ഞാൻ.

01/06/2020 മുതലുള്ള എന്റെ നിയമനം അംഗീകരിച്ച് കിട്ടുന്നതിനുവേണ്ടി മാനേജർ സമന്വയ വഴി NMUPS/06/2020/222-AEO - 01/06/2020 പ്രകാരം അപേക്ഷ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയുണ്ടായി. സ്കൂളുകൾ തുറന്നു പ്രവർത്തിക്കാനുള്ള സാഹചര്യം ഉണ്ടായിട്ടില്ലാത്തതിനാൽ ടി അപേക്ഷ തിരിച്ചു നല്കുകയാണുണ്ടായത്.

എച്ച്2/19500/2019/ഡി.ജി.ഇ തിയ്യതി 26/02/2021 സർക്കുലർ അടിസ്ഥാനത്തിൽ മാനേജർ സത്യപ്രസ്താവന സമർപ്പിക്കുകയും ചെയ്തിരുന്നു. ടി സർക്കുലർ പ്രകാരം എന്റെ നിയമന അപേക്ഷ സമന്വയ വഴി NMUPS/07/2021/222(A)-AEO തിയതി 15/07/2021 പ്രകാരം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷയിലൂടെ എന്റെ നിയമനം നിരസിക്കുകയാണ് ഉണ്ടായത്. നിയമനങ്ങൾ അംഗീകരിക്കുന്നതിനുവേണ്ടി ബഹു. സർക്കാരുടെ ഭാഗത്തു നിന്നും അനുകൂല ഉത്തരവുകൾ ഉണ്ടായിട്ടും 1 വർഷത്തിൽ കൂടുതലായി നിയമനം അംഗീകരിച്ച് കിട്ടാത്ത എന്റെ നിയമനം അംഗീകരിക്കുന്നതിനുവേണ്ട നടപടികൾ ബഹു. പ്രിൻസിപ്പൽ സെക്രട്ടറി അവർകൾ സ്വീകരിക്കണമെന്ന് വളരെ താഴ്മയോടെ അപേക്ഷിക്കുന്നു."

3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ & ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ വാദം ചുവടെ ചേർക്കുന്നു.

" പാലക്കാട് ജില്ലയിലെ ആലത്തൂർ ഉപജില്ലാ വിദ്യാസ ഓഫീസിന് കീഴിലെ എൻ.എം.യു.പി.എസ്. അക്കര (പഴയ പേര് എച്ച്.എ. യു.പി.എസ്.അക്കര) 22.05.1979 ന് ശേഷം അപ്ഗ്രേഡ് ചെയ്ത വിദ്യാലയമാണ്. (യു.പി വിഭാഗം) ഈ സ്കൂളിലെ എൽ.പി.എസ്.ടി. മാരായ ശ്രീമതി ആതിര.എസ്, ശ്രീമതി കൃഷ്ണേന്ദു കെ, ശ്രീമതി റോഷ്നി സി.സി, ശ്രീമതി ഷെഹർബാൻ സി.എം, ശ്രീമതി പ്രദീപ എം.വി, യു.പി.എസ്.ടിമാരായ ശ്രീമതി ഡാലിയ വി, ശ്രീമതി ഷിജി വി, അറബി അധ്യാപികയായ ശ്രീമതി ഷഹന എം.എ എന്നീ അധ്യാപകരുടെ നിയമനങ്ങൾ വിവിധ കാരണങ്ങളാൽ ഈ കാര്യാലയത്തിൽ നിന്നും പലതവണയായി നിരസിച്ചിട്ടുള്ളതാണ്. ഇവരുടെ നിയമനാംഗീകാര അപ്പീലുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസ് പൊതു വിദ്യാഭ്യാസ ഡയറക്ടർ തലങ്ങളിലും നിരസിച്ചിട്ടുണ്ട്. ചില അധ്യാപികമാരുടെ നിയമനാംഗീകാരം സർക്കാർ തലത്തിൽ നിന്നും നിരസിച്ചിട്ടുണ്ട്. ഓരോ അധ്യാപകരുടേയും വിവരങ്ങൾ ഓരോന്നായി സമർപ്പിക്കുന്നു.

**ഷംന.എ — എൽ.പി.എസ്.ടി**

അക്കര എൻ.എം.യു.പി.എസ് ൽ 2017-2018 വർഷത്തിൽ അനുവദിച്ച അധിക എൽ.പി.എസ്.ടി തസ്തികയിൽ 201/06/2017 മുതലാണ് ശ്രീമതി ഷംന എ യുടെ നിയമനം നടത്തിയിരിക്കുന്നത്.

2016-17 വർഷത്തിൽ 16 (15+1) എൽ.പി തസ്തികകളാണ് അനുവദിച്ചിരുന്നത്. 2017-2018ൽ ഒരു അധിക തസ്തിക കൂടി അനുവദിച്ചതിനാൽ ആകെ എൽ.പി തസ്തികകൾ 17 ആയി. ഈ അധിക തസ്തികയിലേക്കാണ് ഇവരുടെ നിയമനം നടത്തിയിരിക്കുന്നത്. 2017-18 ൽ അനുവദിച്ച എൽ.പി.എസ്.ടി അധിക തസ്തിക 2018-19 ലും 2019-20 ലും നിലനിൽക്കുന്നുണ്ട്. എന്നാൽ 2018-19 ൽ അനുവദിച്ച 2 എൽ.പി.എസ്.ടി അധിക തസ്തിക 2019-20 ൽ നഷ്ടപ്പെട്ടിരുന്നു. 2020-21 ൽ

തസ്തിക നിർണ്ണയം നടത്താത്തതിനാൽ 2017-18 ലെ അധിക തസ്തിക 2020-21 ൽ നിലനിൽക്കുമോ എന്ന കാര്യം വ്യക്തമല്ല.

ഇവരുടെ നിയമനം, ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസറുടെ 03.10.2017 ലെ സി/2039/2017/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം നിരസിക്കുകയുണ്ടായി. നിയമനം നിരസിക്കാൻ ഉണ്ടായ കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. 2016-2017 മുതൽ അധിക തസ്തികയിലെ നിയമനങ്ങൾ സംരക്ഷിത അധ്യാപകരെ കൊണ്ട് മാത്രമേ നടത്താവൂ എന്ന് 03.12.16 ലെ സർക്കാർ ഉത്തരവ് (അച്ചടി നമ്പർ 199/2016 &09/11/2016 ലെ സർക്കാർ സർക്കുലർ നമ്പർ : 951951/ജെ2/2016/പൊ.വി.വ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

2. 22.05.1979 ന് ശേഷം അപ്ഗ്രേഡ് ചെയ്ത സ്കൂളായതിനാൽ മുഴുവൻ ഒഴിവുകളും സംരക്ഷിത അധ്യാപകരെ ഉപയോഗിച്ച് നികത്തേണ്ടതാണ്.

3. കെ ടെറ്റ് യോഗ്യത നേടിയിട്ടില്ല.

ഈ ഉത്തരവിനെതിരെ മാനേജർ ജില്ലാ വിദ്യാഭ്യാസ ഓഫീസറെ സമീപിക്കുകയും, പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16,08.2018 ലെ ബി6/6926/2017(4)/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം, നിയമന കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, ഈ കാര്യാലയത്തിൽ നിന്നും നിയമനം പുന പരിശോധിക്കുകയുണ്ടായി.

മാനേജർ ശ്രീമതി വിജയലക്ഷ്മി.കെ എന്ന സംരക്ഷിത അധ്യാപികയെ നിയമിച്ചിട്ടുണ്ട് എന്ന് അറിയിച്ചിരുന്നു. എന്നാൽ ഇവരെ നിയമിച്ചിരിക്കുന്നത് 1:1 അനുപാതം പാലിക്കുന്നതിനായിട്ടില്ല. മറിച്ച് പുതുതായി അപ്ഗ്രേഡ് ചെയ്ത സ്കൂൾ എന്ന നിലയ്ക്കാണ്. 03:12.2016 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.199/2016/പൊ.വി.വ പ്രകാരം, അധിക തസ്തികയിൽ 1:1 എന്ന തോതിൽ ആദ്യ ഒഴിവിൽ സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ടതാണ്. ഈ വ്യവസ്ഥ മാനേജർ പാലിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 10/01/2019 ലെ സി/3509/2017/കെ.ഡിസ്. നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി ഷംന എ യുടെ നിയമനം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒരിക്കൽകൂടി നിരസിച്ചു.

ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ചതിനെതിരെ ശ്രീമതി ഷംന എ WP(C) No.4479/2019 ഫയൽ ചെയ്യുകയും, ഈ കേസിലെ 14.02.2019 ലെ വിധിന്യായ പ്രകാരം ബഹു. ഹൈക്കോടതി നിയമന പുന:പരിശോധന ഹർജി, പരാതിക്കാരെയും മറ്റും നേരിട്ട് കേട്ട് തീരുമാനം എടുക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

24/06/2019 ന് ഹർജിക്കാരെയും മാനേജരേയും മറ്റുള്ളവരേയും നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ 26.08.2019 ലെ സർക്കാർ ഉത്തരവ് (സാധാ) നം.3409/2019/പൊ.വി.വ പുറപ്പെടുവിക്കുകയുണ്ടായി. ഉത്തരവിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"29.01.2016 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2016/പൊ.വി.വ ഉത്തരവ് പ്രകാരം 2016-2017 മുതൽ ടി സ്കൂളിലെ അപ്ഗ്രേഡ് ചെയ്യുന്നതിന് മുൻപ് ഉണ്ടായിരുന്ന ഡിവിഷനുകളിൽ

ഉണ്ടാകുന്ന അധിക തസ്തികകളിൽ 1:1 അനുപാതത്തിൽ (1 സംരക്ഷിതാധ്യാപിക : 1 പുതിയ നിയമനം) ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ടി സ്കൂളിൽ അപ്ഗ്രേഡ് ചെയ്യുന്നതിന് മുൻപ് ഉണ്ടായിരുന്ന ഡിവിഷനുകളിൽ ഉണ്ടായ അധിക തസ്തികയിൽ സംരക്ഷിതാദ്ധ്യാപികയെ നിയമിക്കാൻ മാനേജർ നാളിതുവരെ തയ്യാറായിട്ടില്ല. മേൽ സാഹചര്യത്തിൽ പാലക്കാട് കാവശ്ശേരി അക്കര എച്ച്.എ.യു.പി സ്കൂളിലെ 21.06.2017 മുതലുള്ള ലോവർ പ്രൈമറി സ്കൂൾ ടീച്ചർ നിയമനം അംഗീകരിക്കണമെന്ന ശ്രീമതി. ഷംന.എ യുടെ ആവശ്യം നിരാകരിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുന്നു".

തുടർന്ന്, 06.02.2021 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.4/2021/പൊ.വി.വ, 26.02.2021 ലെ എച്ച്2/19500/പൊ.വി.വ സർക്കുലർ എന്നിവ പ്രകാരമുള്ള സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ മാനേജർ ഇവരുടെ നിയമന അംഗീകാര അപേക്ഷ പുന:സമർപ്പിച്ചു. ഈ അപേക്ഷ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17.08.2021ലെ സി/9176/2021നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചു

അക്കര എൻ.എം.യു.പി.എസ് 22.05.1979 ന് ശേഷം ഉയർത്തപ്പെട്ട സ്കൂളാണ്. 26/02/2021ലെ എച്ച്2/9500/2021/പൊ.വി.വ പ്രകാരമുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിച്ചിരുന്നു. എന്നാൽ ആയത് ക്രമപ്രകാരം ആയിരുന്നില്ല. സത്യപ്രസ്താവനയിൽ സംരക്ഷിത അധ്യാപിക അപഗ്രേഡ് ചെയ്ത സ്കൂൾ എന്ന നിലയിൽ അപ്ഗ്രേഡ് ചെയ്ത വിഭാഗത്തിലെ നിയമനങ്ങൾ നടത്തുന്നതിന് നിയമിച്ചതാണ്. സത്യപ്രസ്ഥാവനയിലെ താഴത്തെ ഖണ്ഡിക അധിക തസ്തികയിൽ നടത്തുന്ന നിയമനങ്ങൾക്ക് ബഹു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംരക്ഷിത അധ്യാപക നിയമന വ്യവസ്ഥകൾ പാലിക്കുന്നതിന് ബാധകമായിട്ടുള്ളതാണ്. എന്നാൽ പ്രീ അപ്ഗ്രേഡ് വിഭാഗത്തിലെ (ഇവിടെ എൽപി)അധിക തസ്തികയിൽ നിയമനങ്ങൾക്ക് 1:1 അനുപാതം മാനേജർ പാലിച്ചിട്ടില്ല. ശ്രീമതി ഷംന എ യുടെ നിയമന അംഗീകാരം അപേക്ഷ മുൻപ് നിരസിച്ച 26.08.2019 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3409/2019/പൊ.വി.വയിൽ ഇത് പ്രത്യേകം പരാമർശിക്കുന്നുണ്ട്.

**ആതിര എസ്**

അക്കര എൻ.എം.യു.പി.എസ് ലെ എൽ.പി.എസ്.ടി ആയുള്ള ശ്രീമതി. ആതിര. എസ് ന്റെ 01-06-2018 മുതൽക്കുള്ള നിയമനം 26-10-2018 ലെ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സി/1775/2018/കെ. ഡിസ് നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു. ഇതേ സ്കൂളിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി. ലാലി വി ജോർജ് 31-05-2018 ന് വിരമിച്ച ഒഴിവിലാണ് ഇവരെ നിയമിച്ചിരുന്നത്.

സീനിയർ നിയമനാർത്ഥിയായ ശ്രീമതി.ഷംന.എ യുടെ 2017-18ലെ അധിക തസ്തികയിലെ നിയമനം അംഗീകരിച്ചിട്ടില്ല എന്ന തടസ്സവാദം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഈ കാരണത്താൽ ഇവരുടെ അപ്പീൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ 22-10-2019 ലെ ബി6/8538/2018/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു.

06-02-2021 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.04/2021/പൊ.വി.വ, 26/02/2021 ലെ

എച്ച്2/19500/ 2021/ഡിജിഇ നമ്പർ സർക്കുലർ എന്നിവ പ്രകാരമുള്ള സത്യപ്രസ്താവന സഹിതം നിയമനാംഗീകാര അപേക്ഷ പുനർസമർപ്പിച്ചിരുന്നെങ്കിലും, സീനിയർ നിയമനാർത്ഥിയുടെ നിയമനം അംഗീകരിച്ചില്ല എന്ന കാരണത്താൽ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18-08-2021 ലെ സി/9174/2021 എന്ന ഉത്തരവ് പ്രകാരം ഈ അപേക്ഷയും നിരസിച്ചു.

**കൃഷ്ണേന്ദു.കെ**

2018-19 വർഷത്തെ അധിക എൽ.പി.എസ്.ടി തസ്തികയിൽ ദിവസ വേതന അടിസ്ഥാനത്തിലാണ് ശ്രീമതി. കൃഷ്ണേന്ദു.കെ യുടെ നിയമനം നടത്തിയിരുന്നത്. ഇവരുടെ നിയമനം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15/09/2018 ലം സി/2965/2018/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ചിരുന്നു.

1.അധിക തസ്തികയിൽ 1:1 അനുപാതം പാലിച്ചിട്ടില്ല.

2.സ്കൂൾ അപ്ഗ്രേഡ് ചെയ്ത നിലയ്ക്ക്, നിയമിച്ച സംരക്ഷിതാധ്യാപിക 2017-18 വർഷാവസാനത്തിൽ മാതൃ സ്കൂളിലേക്ക് തിരികെ പോയതിനാൽ പകരം നിയമനം നടത്തിയില്ല.

3.സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിച്ചിട്ടില്ല. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറും ഇവരുടെ നിയമനം 27/03/2019 ലെ ബി6/6657/2018/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം ഇതേ കാരണങ്ങളാൽ നിരസിച്ചു. ഇതിനിടയിൽ മാനേജർ ഇതേ നിയമന അംഗീകാര അപേക്ഷ അപ്പലേറ്റ് ഉത്തരവുകൾ ഇല്ലാതെ, 26/03/2019 ലെ എച്ച്2/11606/2019/ഡി.പി.ഐ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ പുനർസമർപ്പിച്ചത്, നിയമനവുമായി യാതൊരു ബന്ധവുമില്ലാത്തതാകയാൽ, 13/05/2019 ലെ സി/903/2019/കെ.ഡിസ് നമ്പർ കത്ത് പ്രകാരം തിരികെ നൽകി.

06/02/2021 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 04/2021/പൊ.വി.വ, 26/02/2021 ലെ എച്ച്2/19500/2021/പൊ.വി.വ നമ്പർ സർക്കാർ പ്രകാരമുള്ള സത്യപ്രസ്താവന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇവരുടെ നിയമന അപേക്ഷ പുനർസമർപ്പിച്ചു. ഈ നിയമനാംഗീകാര അപേക്ഷ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04/06/2021 ലെ സി/9173/2021 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചു. ഈ അപേക്ഷ നിരസിക്കാനുണ്ടായ പ്രധാന കാരണം, നിയമന രീതി മാറ്റി നൽകി എന്നതായിരുന്നു. 2018-19 വർഷത്തെ അധിക തസ്തികയിൽ, ദിവസ വേതന അടിസ്ഥാനത്തിലായിരുന്നു നിയമനം നടത്തിയത്. ശ്രീമതി. കൃഷ്ണേന്ദു.കെ യുടെ നിയമനം അംഗീകരിക്കുന്നതിന് 2 തവണ അപേക്ഷ സമർപ്പിച്ചിരുന്നപ്പോഴും തസ്തിക എൽ.പി.എസ്.ടി ദിവസ വേതനം എന്നു തന്നെയാണ് നിയമന ഉത്തരവിലും , ചെയ്ഞ്ച് ഓഫ് സ്റ്റാഫ് സ്റ്റേറ്റ്മെന്റിലും രേഖപ്പെടുത്തിയിരുന്നത്. എന്നാൽ 2021-ൽ അപേക്ഷ പുനർസമർപ്പിച്ചപ്പോൾ ഇവരുടെ നിയമനം സ്ഥിരനിയമനം ആയാണ് കാണിച്ചിരിക്കുന്നത്. നിയമന രീതിയിൽ മാറ്റം വരുത്തിയുള്ള അപേക്ഷ അംഗീകരിക്കാൻ സാധിക്കില്ല. മുമ്പ് 2 തവണയും ദിവസ വേതന അടിസ്ഥാനത്തിൽ എന്നത് ക്ലറിക്കൽ തെറ്റാണെന്ന മാനേജരുടെ വാദം അംഗീകരിക്കാൻ സാധിക്കുന്നതല്ല.

**ഷംന.എം.എ**

അക്കര എൻ.എം.യു.പി.എസ് ലെ അറബിക് അധ്യാപികയായി 01/06/2018 മുതലാണ് ശ്രീമതി.

ഷംന.എം.എ യെ നിയമിച്ചിരിക്കുന്നത്. ഇവരുടെ നിയമനം നടത്തിയിരിക്കുന്നത്, അറബിക് അധ്യാപകനായ ശ്രീ. അഫീഫ് അബ്ദുൾ കരീം രാജിവെച്ച ഒഴിവിലാണ്. ശ്രീ. അഫീഫ് അബ്ദുൾ കരീമിന്റെ നിയമനം നടത്തിയിരിക്കുന്നത്, 2016-17 ലെ പ്രതീക്ഷിത അധിക തസ്തികയിലാണ്. 2016-17 വർഷം മുതൽ സർക്കാർ ഉത്തരവ് (അച്ചടി) നം.199/2016 ലെ നിർദ്ദേശങ്ങൾ പ്രകാരം, സംരക്ഷിതാദ്ധ്യാപകർ ആദ്യ നിയമിക്കപ്പെടണം എന്നതിനാൽ ഇദ്ദേഹത്തിന്റെ നിയമനം ആലത്തൂർ ഉപജില്ലാ ഓഫീസർ നിരസിച്ചിരുന്നു. ഈ നിയമനം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറും, തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചതിന്റെ അടിസ്ഥാനത്തിൽ, ഡബ്ലിയു.പി(സി) നം.35248/2017 ഫയൽ ചെയ്യുകയും ചെയ്തിരുന്നു. 03/11/2017 ലെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ ഡയറക്ടർ 22-03-2018 ന് ജി(1)/87895(3)/2017/ഡി.പി.ഐ/കെ.ഡിസ് നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു. വിധിന്യായത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"2016-17 വർഷം മുതലുള്ള സംരക്ഷിത അധ്യാപകരുടെ നിയമനം സംബന്ധിച്ച വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം 'തൽസ്ഥിതി' തുടരാൻ നിർദ്ദേശിച്ചിരിക്കുകയാണ്. ആയതിനാൽ ശ്രീ. അഫീഫ് അബ്ദുൾ കരീമിന്റെ നിയമനം സംബന്ധിച്ച് നിലവിൽ തീരുമാനം കൈക്കൊള്ളാൻ കഴിയില്ല.

ഈ സാഹചര്യത്തിൽ സംരക്ഷിത അധ്യാപകരുടെ വിഷയം സംബന്ധിച്ച ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ തീർപ്പ് വരുന്ന മുറയ്ക്ക് ശ്രീ. അഫീഫ് അബ്ദുൾ കരീമിന്റെ 2016-17 ലെ അധിക തസ്തികയിലെ നിയമനം പുന:പരിശോധിച്ച് തീരുമാനം കൈക്കൊള്ളാൻ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു."

ഇതിനിടയിൽ ശ്രീ. അഫീഫ് അബ്ദുൾ കരിം ഈ സ്കൂളിൽ നിന്ന് രാജിവെച്ചതായി മാനേജർ അറിയിച്ചു. നിയമനം അംഗീകരിക്കാത്തതിനാൽ ഇദ്ദേഹത്തിന്റെ രാജിയും ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടില്ല. ശ്രീ.അഫീഫ് അബ്ദുൾ കരീം രാജിവെച്ച ഒഴിവിൽ ശ്രീമതി. ഷംന.എം.എ യുടെ 01/06/2018 മുതലുള്ള നിയമനം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 22-03/2018 ലെ ജി1/87895(3)/2017/ഡി.പി.ഐ/കെ.ഡിസ് നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലും ശ്രീ.അഫീഫ് അബ്ദുൾ കരീമിന്റെ രാജി അംഗീകരിച്ചിട്ടില്ല എന്ന കാരണത്താലും 26-06-2018 ലെ സി/1774/2018/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ഇതേ കാരണത്താൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറും അപ്പീൽ അപേക്ഷ നിരസിച്ചു.

ശ്രീമതി. ഷംന.എം.എ യുടെ നിയമന അംഗീകാര അപേക്ഷ, 06/02/2021 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.04/2021/പൊ.വി.വ നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ സത്യപ്രസ്താവന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മാനേജർ പുനർസമർപ്പിച്ചു. സർക്കാർ ഉത്തരവ് (അച്ചടി) നം.04/2021/പൊ.വി.വ യും എച്ച്2/19500/2021/പൊവിവ സർക്കുലറും സംരക്ഷിത അധ്യാപകരുടെ നിയമനം നടത്താത്തത് മൂലം നിരസിക്കപ്പെട്ട നിയമനാംഗീകാര അപേക്ഷകളാണ് അപ്പലേറ്റ് ഉത്തരവില്ലാതെ പുന:പരിശോധിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത് എന്ന കാരണത്താൽ ആലത്തൂർ വിദ്യാഭ്യാസ ഓഫീസറുടെ 17-08-2021 ലെ സി/9175/2021 ഉത്തരവ്

പ്രകാരം നിരസിച്ചു. ശ്രീ.അഫീഫ് അബ്ദുൾ കരീമിന്റെ രാജി അംഗീകരിച്ചിട്ടില്ല എന്ന തടസ്സവാദമാണ് ഇവിടെ നിലനിൽക്കുന്നത്.

**ഡാലിയ, വി**

ശ്രീമതി. ഉഷാദേവി. പി, 30-04-2017 ന് വിരമിച്ചതുമൂലം ഉണ്ടായ ഒഴിവിലാണ് 01/06/2017 മുതൽ യു.പി.എസ്.ടി ആയി ശ്രീമതി. ഡാലിയ.വി യുടെ ആദ്യ നിയമനം നടത്തിയിരിക്കുന്നത്. എന്നാൽ ശ്രീമതി ഉഷാദേവി. എൽ.പി.എസ്.ടി. ആയതിനാൽ ഇവർ വിരമിച്ച ഒഴിവിൽ യു.പി.എസ്.ടി ആയി ശ്രീമതി ഡാലിയ വി. യെ നിയമിക്കാനാകില്ല എന്നതിനാൽ ഇവരുടെ നിയമനം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ശ്രീമതി ഡാലിയയ്ക്ക് ടി.ടി.സി യോഗ്യത ഇല്ലാത്തതിനാൽ എൽ.പി.എസ്.ടി തസ്തികയിൽ നിയമനം നൽകാനും ആകില്ല.

ശ്രീമതി. ഡാലിയ വി യുടെ യു.പി.എസ്.ടി. ആയുള്ള 01/06/2017 മുതൽക്കുള്ള നിയമനം അംഗീകരിക്കാത്തതിനെ തുടർന്ന്, അവരെ ശ്രീമതി. ആർ. ഉഷാകുമാരി അമ്മ 30-06-2019 ന് വിരമിക്കുന്ന ഒഴിവിൽ യു.പി.എസ്.ടി ആയി നിയമിച്ചു. എന്നാൽ ഈ നിയമനവും ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 29-05-2020 ലെ സി/7401/2019 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചു.

യു.പി.എസ് ടി ആയ ശ്രീമതി ഉഷാകുമാരി അമ്മ.ആർ 30-06-2019 ന് വിരമിച്ച ഒഴിവിലാണ് നിയമനം നടത്തിയിട്ടുള്ളത് എന്നാണ് നിയമന ഉത്തരവിലും, ചെയ്ഞ്ച് ഓഫ് സ്റ്റാഫ് സ്റ്റേറ്റ്മെന്റിലും കാണുന്നത്. എന്നാൽ 2017-18, 2018-19 വർഷങ്ങളിലെ തസ്തിക നിർണ്ണയ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള സ്റ്റാഫ് ലിസ്റ്റുകളിൽ ശ്രീമതി. ഉഷാകുമാരി അമ്മ.ആർ എൽ.പി.എസ്.ടി എന്നാണ് കാണുന്നത്. നിയമനാർത്ഥിയായ ശ്രീമതി. ഡാലിയ.വി യ്ക്ക് ടി.ടി.സി യോഗ്യത ഇല്ലാത്തതിനാൽ, എൽ.പി.എസ്.ടി ആയ ശ്രീമതി. ഉഷാകുമാരി അമ്മ. ആർ വിരമിച്ചതുമൂലം ഉണ്ടായ ഒഴിവിലേക്ക് നിയമന അംഗീകാരം നൽകാൻ നിർവ്വാഹമില്ലായിരുന്നു. 2019-20 ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം, 10 സ്ഥിരം + 2 അധികം = ആകെ 12 യു.പി.എസ്.ടി തസ്തികകളാണ് അനുവദിച്ചിരിക്കുന്നത്. നിയമനാംഗീകാരം ലഭിച്ച 11 യു.പി അധ്യാപകരും ഒരു അംഗീകാരം ലഭിക്കാത്ത അധ്യാപകനും, ഒരു എച്ച് ടി.വി യു.പി. അധ്യാപികയും ലിസ്റ്റിലുണ്ട്. ഈ വിധത്തിൽ യു.പി.എസ്.ടി തസ്തികയിൽ വ്യവസ്ഥാപിതയായ ഒഴിവും, 2019-20 വർഷത്തിൽ ഇല്ല. കൂടാതെ, 29-03-2011 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം 1234/2011/പൊ.വി.വ പ്രകാരം എൽ പി വിഭാഗത്തിലേക്ക് ഷിഫ്റ്റ് ചെയ്ത അധ്യാപകരിൽ ബി.എഡ് യോഗ്യതയുള്ളവരെ യു.പി. വിഭാഗത്തിൽ ഒഴിവ് വരുന്ന മുറയ്ക്ക് മാറ്റണമെന്ന നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. ഇത്തരത്തിൽ തടസ്സവാദങ്ങൾ ഇനിയും തീർപ്പാക്കാതെ നിലനിൽക്കുന്നുണ്ട്. ഈ കാരണങ്ങളാൽ തന്നെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03/10/2020 ലെ ബി6/192514/2020 നമ്പർ ഉത്തരവ് പ്രകാരം ഇവരുടെ നിയമനം നിരസിച്ചതാണ്. ആയതിൻമേലുള്ള റിവിഷൻ അപ്പീൽ പൊതു വിദ്യാസ ഡയറക്ടറുടെ പരിഗണനയിലാണ് .

06/02/2021 ലെ സർക്കാർ ഉത്തരവ് അച്ചടി നം.04/2021/പൊ.വി.വ, 26/02/2021 ലെ എച്ച്2/19500/2021/ഡി.ജി.ഇ നമ്പർ സർക്കുലർ പ്രകാരമുള്ള സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഒരിക്കൽ കൂടി മാനേജർ 6-02-2019 മുതലുള്ള ശ്രീമതി ഡാലിയ.വി യുടെ നിയമനാംഗീകാര അപേക്ഷ സമർപ്പിച്ചുവെങ്കിലും, മേൽ പറഞ്ഞ സർക്കാർ ഉത്തരവിന്റെയും

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലറിന്റെയും പരിധിയിൽ ഈ നിയമന അപേക്ഷ ഉൾപ്പെടുന്നില്ല എന്നറിയിച്ചുകൊണ്ട്, 29-06-2021 ലെ സി/9226/2021 നമ്പർ ഉത്തരവുപ്രകാരം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒരിക്കൽകൂടി നിയമനം നിരസിച്ചു.

**ഷെഹർബാൻ.സി.എം**

അക്കര എൻ.എം.യു.പി.എസ് ലെ ശ്രീമതി. ഉഷാദേവി, 31-03-2017 ന് വിരമിച്ചതുമൂലം ഉണ്ടായ ഒഴിവിൽ ശ്രീമതി ഡാലിയ വി. യെ നിയമിച്ചിരുന്നു. ശ്രീമതി ഉഷാദേവി എൽ.പി.എസ്.ടി ആയതിനാൽ അംഗീകാര അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചതിനെ തുടർന്ന് ശ്രീമതി ഡാലിയ.വിയുടെ നിയമനം മറ്റൊരു ഒഴിവിലേക്ക് മാറ്റിയതിനാൽ (06-06-2019 മുതൽ, ശ്രീമതി. ഉഷാകുമാരി അമ്മ. ആർ വിരമിച്ച ഒഴിവിൽ) ശ്രീമതി. ഉഷാദേവി 31-03-2017 ന് വിരമിച്ച ഒഴിവിൽ ശ്രീമതി ഷെഹർബാൻ സി.എം. നെ 06-06-2019 മുതൽ എൽ.പി.എസ്.ടി ആയി നിയമിച്ചിരിക്കുകയാണ്. ഇതിൽ നിന്നും ശ്രീമതി ഉഷാദേവിയുടെ തസ്തിക എൽ.പി.എസ്.ടി ആണെന്ന കാര്യം വ്യക്തമാണ്. ആയതിനാലാണ് മാനേജർ ശ്രീമതി.ഡാലിയ.വിയെ മറ്റൊരു ഒഴിവിലേക്ക് മാറ്റിയത്. (എന്നിരുന്നാലും മാറ്റിയ ഒഴിവും എൽ.പി.എസ്.ടി യുടേതാണ്).

ശ്രീമതി. ഷെഹർബാൻ, സി.എം നെ ക്കാൾ സീനിയറായ ശ്രീ ഷൗക്കത്തലി (പിന്നീട് രാജി വെച്ചു), ശ്രീമതി. ഷിജി വി, ശ്രീമതി. ഷംന. എ, ശ്രീമതി. ആതിര. എസ് എന്നിവരുടെ നിയമനം അംഗീകരിച്ചിട്ടില്ല. നേരത്തെ നിയമനം ലഭിച്ചവരുടെ അംഗീകാരം തീർപ്പാക്കാതെ പിന്നീട് നടത്തിയ നിയമനങ്ങൾ തീർപ്പാക്കുന്നത് ഈ സ്കൂൾ മാനേജ്മെന്റിന്റെ കീഴിൽ മുൻ വർഷങ്ങളിൽ നിയമനം ലഭിച്ചവരിൽ നിശ്ചിത യോഗ്യത ഉള്ളവരുടെ സീനിയോറിറ്റി ലംഘിക്കപ്പെടാൻ കാരണമാവുന്നു. ആയതിനാൽ ശ്രീമതി. ഷെഹർബാൻ സി.എം ന്റെ നിയമന അംഗീകാര അപേക്ഷ, ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 29-05-2020 ലെ സി/7407/2019 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചു. ഇതേ കാരണത്താൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03-10-2020 ലെ ബി6/1925/2020 നമ്പർ ഉത്തരവ് പ്രകാരം നിയമനം നിരസിച്ചിരുന്നു.

അക്കര എൻ.എം.യു.പി.എസ്. അപ്ഗ്രേഡ് ചെയ്ത സ്കൂൾ എന്ന നിലയ്ക്ക് നിയമിച്ചിരുന്ന സംരക്ഷിത അധ്യാപിക 2017-18 വർഷാവസാനത്തിൽ മാതൃ സ്കൂളിലേക്ക് തിരിച്ചുപോയി. പകരം മറ്റൊരു സംരക്ഷിത അധ്യാപികയെ നിയമിച്ചത് 27-11-2019 ന് മാത്രമാണ്. ശ്രീമതി. ഷെഹർബാൻ സി.എം ന്റെ നിയമന തീയതി 06-06-2019 ആണ്.

**രോഷ്നി.സി.സി**

എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി.രോഷ്നി.കെ.എം 31/05/2019 ന് വിരമിച്ചതു മൂലം ഉണ്ടായ ഒഴിവിലാണ് 06-06-2019 മുതൽ എൽ.പി.എസ്.ടി ആയി ശ്രീമതി. രോഷ്നി സി.സി.യുടെ നിയമനം നടത്തിയിരിക്കുന്നത്. ശ്രീമതി. ഷെഹർബാൻ സി.എം. ന്റെ നിയമന വിഷയത്തിലെന്നപോലെ സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിക്കാത്തതിനാൽ ഇവരുടെ നിയമനം. 13/06/2020 ലെ സി/7403/2019 നമ്പർ ഉത്തരവു പ്രകാരം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിട്ടുണ്ട്. ഇതേ കാരണത്താൽ തന്നെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03-10-2020 ലെ ബി6 192513/2020 നമ്പർ ഉത്തരവ് പ്രകാരം ഇവരുടെ അപ്പീൽ നിരസിച്ചിട്ടുണ്ട്.

**ഷിജി.വി**

പ്രധാനാദ്ധ്യാപകനെ ക്ലാസ്സ് ചാർജിൽ നിന്നും ഒഴിവാക്കി എച്ച്.ടി.വി തസ്തിക 2016-17 ൽ അനുവദിച്ചിരുന്നു. ഈ തസ്തികയിലേക്കാണ് ശ്രീമതി.ഷിജി.വി യുടെ നിയമനം നടത്തിയിരിക്കുന്നത്. എച്ച്.ടി.വി തസ്തികയിൽ നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പ്രകാരം സംരക്ഷിത അധ്യാപകരെ നിയമിക്കാനാവൂ. മാത്രമല്ല, ഇവർക്ക് കെ.റ്റെറ്റ് യോഗ്യതയുമില്ല. ഈ സാഹചര്യത്തിൽ ശ്രീമതി ഷിജി വി യുടെ നിയമനം 31-10-2017 ലെ സി/1778/2017/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. മേൽ കാരണങ്ങളാലും, 29-01-2016 ലെ ജി.ഒ(പി) നം. 29/2016/പൊ.വി.വ പ്രകാരവും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16/08/2018 ലെ ബി6/6926/2017(5)/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം അപ്പീൽ നിരസിച്ചിരുന്നു.

എച്ച്.ടി.വി തസ്തികയിൽ നിയമനാംഗീകാരം ലഭിക്കാത്തതിനെ തുടർന്ന് മാനേജർ ഇവരെ മറ്റൊരു ഒഴിവിലേക്ക് മാറ്റി നിയമിക്കുകയുണ്ടായി. യു.പി.എസ്.ടി ആയിരുന്ന ശ്രീമതി കെ.പി.റോസി 31-03-2021 ന് വിരമിച്ച ഒഴിവിൽ, 15-07-2021 മുതൽക്ക് നിയമിച്ചു. എന്നാൽ ഈ നിയമനം, 21-08-2021 ലെ സി.15133/2021 നമ്പർ ഉത്തരവ് പ്രകാരം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. നിയമനം നിരസിക്കാനുണ്ടായ കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. യു.പി.എസ്.ടി. തസ്തികയിൽ ശ്രീമതി. ഡാലിയ.വി, ശ്രീ. ഷൗക്കത്തലി. വി.എസ് (പിന്നീട് രാജിവെച്ചു) എന്നിവരുടെ നിയമനം അംഗീകരിച്ചിട്ടില്ല

2 29-03-2011 ലെ സ.ഉ (സാധാ) നം.1234/2011/പൊ.വി.വ പ്രകാരം എൽ.പി വിഭാഗത്തിലേക്ക് ഷിഫ്റ്റ് ചെയ്ത യു.പി.എസ്.ടി മാരെ അടുത്തുണ്ടാകുന്ന ഒഴിവിൽ മാറ്റി നിയമിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയത് മാനേജർ പാലിച്ചിട്ടില്ല. ഈ കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

**സജീന.എച്ച്**

യു.പി.എസ്.ടി ആയിരുന്ന ശ്രീമതി. കെ. ഗീത 31-05-2020 ന് വിരമിച്ച ഒഴിവിലാണ് ശ്രീമതി. സജീന എച്ച് നെ 13-07-2021 മുതൽ നിയമിച്ചിരിക്കുന്നത്. ശ്രീമതി. ഷിജി. വി യുടെ 15-07-2021 മുതൽക്കുള്ള നിയമനം നിരസിക്കാനുണ്ടായ കാരണങ്ങളാൽ തന്നെ ശ്രീമതി. സജീന, എച്ച് എന്റെ നിയമനവും 21-08-2021 ലെ സി/15134/2021 നമ്പർ ഉത്തരവ് പ്രകാരം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിട്ടുണ്ട്.

**പ്രദീപ. എം.വി**

എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി. ലിസ്സി മാത്യു കുന്നേൽ നെ 01-06-2020 മുതൽ സ്ഥാനക്കയറ്റം നൽകി പ്രധാനാധ്യാപികയായി നിയമിച്ച ഒഴിവിലാണ് 15-07-2021 മുതൽ ശ്രീമതി. പ്രദീപ എം.വി യുടെ നിയമനം നടത്തിയിരിക്കുന്നത്. സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിക്കാത്തതിനാൽ 21-08-2021 ലെ സി/15135/2021 നമ്പർ ഉത്തരവ് പ്രകാരം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

മേൽ പരാമർശിക്കുന്ന 10 നിയമനങ്ങൾ കൂടാതെ 15-07-2021 മുതൽക്കുള്ള 2 നിയമനങ്ങൾ കൂടി അംഗീകരിച്ചിട്ടില്ല. അക്കര എൻ.എം.യു.പി.എസ് ലെ ഓഫീസ് അറ്റൻഡ് ആയ ശ്രീ. ജയപ്രസാദ്.പി യെ ജൂനിയർ ഹിന്ദി അധ്യാപകനായി 15-07-2021 മുതൽക്ക് ഹിന്ദി അധ്യാപകനായ ശ്രീ. ശോഭനപ്രകാശ് 31-05-2021 ന് വിരമിച്ച ഒഴിവിൽ നിയമിച്ചിട്ടുണ്ട്. ഭാഷാ അധ്യാപക തസ്തികയിലേക്ക് വേണ്ട ഡി.എൽ.എഡ് യോഗ്യത ഇല്ല എന്നുള്ളതായിരുന്നു. പ്രധാന തടസ്സവാദം ആയത് നീക്കിയിട്ടുണ്ട്.

മറ്റൊരു നിയമനം ശ്രീ.ജയപ്രസാദ്.പിയ്ക്ക് ഹിന്ദി അധ്യാപകനായി നിയമനം ലഭിക്കുക വഴി ഒഴിവ് വന്ന ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ശ്രീ. ശിവൻ എം. ന്റെ നിയമനമാണ്. ആയത് ശ്രീ.ജയപ്രസാദ്. പി യുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് മറ്റ് വിധത്തിൽ യോഗ്യമെങ്കിൽ അംഗീകരിക്കാവുന്നതാണ്.

ഈ കാലയളവിൽ അക്കര എൻ.എം.യു.പി.എസ്. ൽ താഴെ പറയുന്ന നിയമനങ്ങൾ അംഗീകരിച്ചിട്ടുണ്ട്.

പ്രധാനാധ്യാപകനായിരുന്ന ശ്രീ അജയഘോഷ് 31-05-2020 ന് വിരമിച്ച ഒഴിവിൽ ശ്രീമതി. ലിസ്സി മാത്യു കുന്നേൽ ന്റെ നിയമനം.

ഉറുദു ടീച്ചറായിരുന്ന ശ്രീമതി.എൻ.വിജയലക്ഷ്മി 31/05/2019 ന് വിരമിച്ചതുമൂലം ഉണ്ടായ ഒഴിവിൽ 06/06/2019 മുതലുള്ള ശ്രീമതി. റിഫാന എം ന്റെ നിയമനം.

**ശ്രീമതി ആരതി എസ്**

അക്കര എൻ.എം.യു.പി.എസ് ലെ യു.പി.എസ്.എ. ആയിരുന്ന ടി.ടി. ഫ്ലോറി 30.06.2013 ന് സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ ശ്രീമതി എ. സെറീനയെ യു.പി.എസ്.എ. ആയി മാനേജർ നിയമിക്കുകയും ഈ നിയമനം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയും ചെയ്തിരുന്നു. ശ്രീമതി. എ.സെറീന 16:12.2013 മുതൽക്ക് സ്വമേധയാ രാജി വെക്കുകയും ആയത് മാനേജർ അംഗീകരിക്കുകയും ചെയ്തിരുന്നതാണ്. ഈ ഒഴിവിലാണ് 02.06 2014 മുതൽ യു.പി.എസ്.എ. ആയി ശ്രീമതി ആരതി.എസ് നെ നിയമിച്ചത്.

2014 – 15 ലെ തസ്തിക നിർണയ പ്രകാരം എൽ.പി.എസ്.എ & യു.പി.എസ്.എ മാർ 1:30 & 1:35 PTR ൽ നിലനിന്നിരുന്നു. ആയതിനാൽ നിയമനം 04/07/2014 ലെ സർക്കാർ ഉത്തരവ് നമ്പർ 124/2014/പൊ.വി.വക്ക് എതിരാണ്. ആയതിനാൽ ഈ നിയമനം 20/09/2014 ലെ സി/1851/2014/കെ.ഡി.സ് നമ്പർ ഉത്തരവ് പ്രകാരം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. അപ്പീൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറും നിരസിച്ചതാണ്. ശ്രീമതി. ആരതി.എസ് ന്റെ നിയമന അംഗീകാര അപേക്ഷ ഒരിക്കൽ കൂടി മാനേജർ സമർപ്പിച്ചു. ഈ അപേക്ഷയും നിരസിക്കുകയുണ്ടായി കാരണങ്ങൾ താഴെ പറയുന്നവയാണ്.

2013-14 വർഷത്തിൽ തസ്തിക നിർണയം നടത്തിയതിൽ യു.പി.എസ്.ടി യുടെ ഒഴിവ് വന്നെങ്കിലും ഒരു യു.പി.എസ്.ടി തസ്തിക കുറഞ്ഞു. ആയതിനാൽ നിയമനം അംഗീകരിക്കാൻ വ്യവസ്ഥാപിതമായ ഒഴിവില്ല. (2012-13 ൽ 13 യു.പി തസ്തികയും 13 അംഗീകൃത യു.പി.എസ്.ടി മാരും ഉണ്ടായിരുന്നു.)

12/01/2010 ലെ സ.ഉ (അച്ചടി) നം.10/2010/പൊ.വി.വ പ്രകാരം ബോണ്ട് എക്സിക്യൂട്ട് ചെയ്ത് 2

നിയമനങ്ങൾ നടത്തിയിരുന്നുവെങ്കിലും ആയതിലെ വ്യവസ്ഥകൾ പാലിച്ചില്ല.

ഇതേ കാരണങ്ങളാലും അപ്പീൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. തുടർന്ന് മാനേജർ റിട്ട് ഹർജി നമ്പർ 35248 /2017 ഫയൽ ചെയ്യുകയും ആയതിന്റെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ ഡയറക്ടർ 22/03/2018 ൽ ജി1/87895(1)/2017/കെ.ഡിസ് നം. ഉത്തരവ് പുറപ്പെടുവിച്ചു.

"2014 - 15 അധ്യയന വർഷത്തിൽ ശ്രീമതി ആരതി എസ്. ന് നിലനിൽക്കാൻ ടി സ്കൂളിൽ അധിക തസ്തിക ലഭ്യമല്ല. എന്നാൽ റിട്ടയർമെന്റ് മൂലം ഒരു എൽ.പി.എസ്.ടി. തസ്തിക ലഭ്യമാണ്. ഈ സാഹചര്യത്തിൽ ശ്രീമതി ആരതിയുടെ നിയമനം ടി തസ്തികയിലേക്ക് മാനേജർ പുനക്രമീകരിച്ചു നൽകിയാൽ ആയത് പരിഗണിച്ച് മറ്റു വിധത്തിൽ യോഗ്യമെങ്കിൽ ശ്രീമതി ആരതി എസ് ന്റെ നിയമനം അംഗീകരിച്ചു നൽകുവാൻ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവായി.

എന്നാൽ ഈ ഉത്തരവിന് മുൻപ് തന്നെ 01.06.2017 മുതൽ ശ്രീമതി ആരതി എസ്.നെ റിട്ടയർമെന്റ് ഒഴിവിൽ നിയമിച്ച് അപേക്ഷ മാനേജർ സമർപ്പിച്ചിരുന്നു. ആയതും ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. (മുൻ നിയമനം നിരസിച്ചതിനെ അപ്പലേറ്റ് ഉത്തരവ് ഇല്ലാത്തതിനാൽ). ഇതിനെതിരെ നൽകിയ അപ്പീൽ പരിഗണിക്കവേ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ 22:03.2018 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരം ശ്രീമതി എസ്. ആരതിയുടെ 01.06.2017 മുതൽക്കുള്ള എൽ.പി.എസ്.എ. നിയമനം പരിഗണിക്കാൻ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് 16/08/2018 ലെ ബി/6926/2017(1)/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകി.

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ടി.ടി. ഫ്ലോറി 30.06.2013 ന് വിരമിച്ച ഒഴിവിൽ 01/06/2017 ന് എൽ.പി.എസ്.ടി. ആയി ശ്രീമതി ആരതി എസ് ന്റെ നിയമനം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 25/10/2018 ലെ സി/3508/2017/കെ.ഡിസ്. നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചു നൽകി

2012-13 ൽ എൽ.പി. വിഭാഗത്തിൽ 14 + 1 (1 അധികം ) യു.പി. വിഭാഗത്തിൽ 13 തസ്തികകളും ആണ് അനുവദിച്ചിരുന്നത്. 15 പേർ എൽ.പി യിലും 13 പേർ. യു.പി.യിലും അംഗീകാരം ഉള്ളവരായി ഉണ്ടായിരുന്നു. യു.പി.എസ്.ടി ആയിരുന്ന ടി.ടി. ഫ്ലോറി 30.06.2013 നു വിരമിച്ചുവെങ്കിലും 2013-14 വർഷത്തിൽ ഒരു യു.പി തസ്തിക കുറഞ്ഞു 12 ആയി മാറി. ഫലത്തിൽ യു.പി വിഭാഗത്തിൽ ഒഴിവില്ലാതെയായി. എന്നാൽ 2013-14 ൽ ഒരു അധിക എൽ.പി തസ്തിക അനുവദിച്ചു ആകെ എൽ.പി തസ്തികകൾ 14+2 ആയി (അംഗീകാരമുള്ളവർ 15) ഒരു അധിക തസ്തിക ഒഴിവു വന്നു.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൽ പരാമർശിക്കുന്ന റിട്ടയർമെന്റ് മൂലമുള്ള ഒഴിവുവന്നത് എൽ.പി.എസ്.ടി. ആയിരുന്ന ശ്രീമതി കെ.യു. ലീലാമ്മ 31.03.2014 നു വിമിച്ചപ്പോഴാണ്. പക്ഷെ 2014-15 ലെ തസ്തിക നിർണയത്തിൽ ഒരു എൽ.പി.എസ്.ടി തസ്തിക കുറഞ്ഞു. ആകെ എൽ.പി തസ്തികകൾ 14+1 ആയി. അംഗീകാരമുള്ള എൽ.പി.എസ്.ടി. മാർ 14 പേരുണ്ടായിരുന്നു. ഇത്തരത്തിൽ 2014-15 ലും ശ്രീമതി ആരതി എസ് നു നിലനിൽക്കാൻ

വ്യവസ്ഥാപിത ഒഴിവ് ഇല്ലാതെയായി.

പിന്നീട് എൽ.പി. വിഭാഗത്തിൽ ഒഴിവ് വരുന്നത് എൽ.പി.എസ്.ടി. ആയിരുന്ന ശ്രീമതി പി. ഉഷാദേവി. 30.04.2017 ന് വിരമിച്ചപ്പോഴാണ്. എന്നാൽ ഈ ഒഴിവിൽ ശ്രീമതി ഡാലിയ വി. യെ മാനേജർ നിയമിച്ചു. (പിന്നീട് മറ്റൊരു ഒഴിവിലേക്ക് ഇവരെ മാറ്റി - ഇതേ ഒഴിവിൽ ശ്രീമതി ഷെഹർബാൻ സി.എം. നെ നിയമിച്ചു.) അതായത് ശ്രീമതി ആരതി എസ്. ന് 2017 - 18 ലും നിലനിൽക്കാൻ വ്യവസ്ഥാപിതമായ തസ്തിക ലഭ്യമല്ലാത്ത സാഹചര്യമാണുണ്ടായിരുന്നത്. 2014-15 ലഭ്യമല്ലാതിരുന്നതും, പിന്നീട് 2017-18 ൽ ലഭ്യമായതുമായ തസ്തിക അധിക തസ്തികയാണ്. ആയതിനാൽ ശ്രീമതി ആരതി.എസ്.നെ, 30.06.2013 ന യു.പി.എസ്.ടി. ആയ ശ്രീമതി ടി.ടി. ഫ്ലോറി വിരമിച്ച ഒഴിവിൽ 01.06.2017 മുതൽ നിയമിച്ചത് പുനഃപരിശോധിക്കേണ്ടതായുണ്ട്.

**നൗഷിജ.എം.എ**

എൽ.പി.എസ്.ടി. ആയിരുന്ന ശ്രീമതി ലീലാമ്മ കെ.യു 31.03.2014 ന് സർവീസിൽ നിന്നും വിരമിച്ച ഒഴിവിൽ, ശ്രീ. ഇ.കെ. പ്രദീഷിനെ നിയമിച്ചിരുന്നു. ഇദ്ദേഹം 25.11.2014 മുതൽക്ക് ജോലിക്ക് ഹാജരാകാതിരുന്നതിനെ തുടർന്ന് 19.08.2015 മുതൽക്കാണ് ശ്രീമതി. നൗഷിജ എം.എയുടെ നിയമനം നടത്തിയിരിക്കുന്നത്. ശ്രീ.പ്രദീപ് ഇ.കെ.യുടെ നിയമനം നേരത്തെ നിരസിച്ചിരുന്നതാണ്.

ശ്രീമതി കെ.യു.ലീലാമ്മ 31.03.2014 ന് വിരമിച്ചു. എങ്കിലും 2014- 15 വർഷത്തിൽ ഒരു എൽ.പി.എസ്.ടി. തസ്തിക കുറയുന്നുണ്ട്. ഈ കാരണത്താലും 12.01.2010 ലെ സ.ഉ.(അച്ചടി) നം. 10/2010/പൊ.വി.വ ലെ നിർദ്ദേശങ്ങൾ മാനേജർ പാലിക്കാത്തതിനാലും ഇവരുടെ നിയമനം 28.06.2016 ലെ സി/2400/2015/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, സീനിയർ നിയമനാർത്ഥി ആയ ആരതി എസ്.ന്റെ 02.06.2014 മുതൽക്കുള്ള നിയമനത്തിന്മേലുള്ള അപ്പീൽ നിരസിച്ചതിനാൽ ഇവരുടെ നിയമന അപ്പീലും 28.02.2017 ലെ ബി6/4173/2018/കെ.ഡിസ്. നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചു.

ഇതിനിടക്ക് മാനേജർ വീണ്ടും നിയമന അപേക്ഷ പുനർസമർപ്പിച്ചത് ഒരിക്കൽ നിരസിച്ച നിയമനം അപ്പലേറ്റ് ഉത്തരവില്ലാതെ പരിഗണിക്കാനാകില്ല എന്ന കാരണത്താൽ 28.09.2017 ലെ സി/1781/കെ.ഡിസ്. നമ്പർ ഉത്തരവ് പ്രകാരം ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

മാനേജർ സമർപ്പിച്ച അപ്പീലിന്മേൽ 18.04.2018 ന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നേരിട്ട് കൂടിക്കാഴ്ച നടത്തിയിരുന്നു. ഉത്തരവ് പ്രകാരം

"ശ്രീമതി. നൗഷിജ എം.എയുടെ നിയമനം സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലുള്ള അപ്പീൽ 22.03.2018 ലെ ജി1/87895(2)/2017/ഡി.പി.ഐ. നമ്പർ ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിലവിലുള്ള ആർ. എ.1/87894/2017 നമ്പർ ഫയലിലെ അന്തിമ തീർപ്പിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.നൗഷിജയുടെ നിയമന പ്രൊപ്പോസൽ പുനഃപരിശോധിച്ച് തീരുമാനം കൈക്കൊള്ളാൻ ആലത്തൂർ ഉപജില്ലാ

വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ടാണ് ഉത്തരവായിട്ടുള്ളത്.

എൽ.പി. വിഭാഗത്തിൽ നിയമനം നടത്തുന്നതിന് തടസ്സമില്ല എന്നും 2014-15 വർഷത്തിൽ ഒരു എൽ.പി.എസ്.എ. തസ്തിക കുറയുകയും 2017-18 വർഷത്തിൽ ഒരു എൽ.പി.എസ്.എ തസ്തിക കൂടുകയും ചെയ്തിട്ടുണ്ട് എന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അപ്പീൽ റിമാർക്സിൽ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മറ്റ വിധത്തിൽ ക്രമപ്രകാരമെങ്കിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 22/03/2011 ലെ അപ്പലേറ്റ് ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിലവിലുള്ള ആർ.എ.1/87894/2017 നമ്പർ ഫയലിലെ അന്തിമ തീർപ്പിന്റെ അടിസ്ഥാനത്തിൽ ശ്രീമതി എം.എ. നൗഷിജയുടെ 01.06.2017 മുതൽക്കുള്ള എൽ.പി.എസ്.എ. നിയമന അപേക്ഷ പുനഃപരിശോധിച്ച തീരുമാനം കൈക്കൊള്ളാൻ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ട്, പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16.08.2018 ലെ ബി6/6926/2017(2)/കെ.ഡിസ് നമ്പർ ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എൽ.പി.എസ്.ടി. ആയ കെ.യു.ലീലാമ്മ 31.03.2014 ന്ന വിരമിച്ച ഒഴിവിൽ ശ്രീമതി എം.എ.നൗഷിജയെ 01.06.2017 മുതൽ നിയമിച്ച് 15/10/2018 ലെ സി/3511/2017 നമ്പർ പ്രകാരം ആലത്തൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നൽകി

2014-15 ൽ ഇല്ലാതിരുന്ന വ്യവസ്ഥാപിത ഒഴിവിൽ 2017-18 ൽ നിയമനം നടത്തിയത് ക്രമപ്രകാരമായി തോന്നുന്നില്ല. ഈ നിയമനവും പുനഃപരിശോധിക്കേണ്ടതായുണ്ട്.

ചുരുക്കത്തിൽ അക്കര എൻ.എം.യു.പി.എസ്സിൽ നിരസിച്ച നിയമനങ്ങൾ താഴെ പറയുന്നവയാണ്.

1. എൽ.പി.എസ്.ടി. ആയ ശ്രീമതി ഉഷ ദേവി 31.03.2017 ന്ന വിരമിച്ചതുമൂലം ഉണ്ടായ ഒഴിവിൽ 01.06.2017 മുതൽ യു.പി.എസ്.ടി.ആയി ശ്രീമതി ഡാലിയ വി.യുടെ നിയമനം. (ഇവരെ 06.06.2019 മുതൽ വേറെ തസ്തികയിലേക്ക് മാറ്റി.)

2. ശ്രീ.സുനന്ദൻ ടി.പി. 22.03.2017 ന്ന മരണപ്പെട്ടതുമൂലം ഉണ്ടായ ഒഴിവിൽ 01.06.2017 മുതൽ യു.പി.എസ്.ടി ആയി ശ്രീ.ഷൗക്കത്തലി വി.എസ് ന്റെ നിയമനം (പിന്നീട് രാജിവെച്ചു.)

3. എച്ച്.ടി.വി. ഒഴിവിൽ 01.06.2017 മുതൽ യു.പി.എസ്.ടി. ആയി ശ്രീമതി ഷിജി.വി. യുടെ നിയമനം.

4. 2017-18 ലെ എൽ.പി.എസ്.ടി. അധിക തസ്തികയിൽ 21.06.2017 മുതൽ ശ്രീമതി. ഷംന. എ യുടെ നിയമനം

5. ശ്രീമതി. ലാലി. വി. ജോർജ്ജ് 31.05.2018 ന്ന വിരമിച്ചതുമൂലം ഉണ്ടായ ഒഴിവിൽ 01.06.2018 മുതൽ എൽ.പി.എസ്.ടി. ആയി ശ്രീമതി. ആതിര എസ്.ന്റെ നിയമനം.

6. 2017 18 ലെ എൽ.പി. വിഭാഗത്തിലെ അറബിക് ടീച്ചർ അഡീഷണൽ തസ്തികയിൽ

01.06.2018 മുതൽ ശ്രീമതി ഷഹന എം.എം. ന്റെ നിയമനം

7 2018-19 ലെ എൽ.പി. എസ്. ടി അധിക തസ്തികയിൽ 29.06.2018 മുതൽ ദിവസ വേതന അടിസ്ഥാനത്തിൽ ശ്രീമതി. കൃഷ്ണേന്ദു കെ. യുടെ നിയമനം

8. എൽ.പി.എസ്.ടി. ആയ ശ്രീമതി ഉഷ ദേവി 31.03.2017 ന വിരമിച്ചതുമൂലം ഉണ്ടായ ഒഴിവിൽ 01.06.2017 മുതൽ നടത്തിയ നിയമനം അംഗീകരിക്കാത്തതിനാൽ എൽ.പി.എസ്.ടി. ആയ ശ്രീമതി ഉഷ കുമാരി അമ്മ ആർ. വിരമിച്ച ഒഴിവിൽ 06/06/2019 മുതലുള്ള ശ്രീമതി.ഡാലിയ വി.യുടെ നിയമനം.

9. ശ്രീമതി ഡാലിയ വിയെ മറ്റൊരു ഒഴിവിലേക്ക് മാറ്റി നിയമിച്ചതുമൂലം ശ്രീമതി ഉഷ ദേവി 31.03.2017 ന വിരമിച്ചതുമൂലം ഉണ്ടായ ഒഴിവിൽ 06/06/2019 മുതലുള്ള ശ്രീമതി ഷെഹർബാൻ സി.എം ന്റെ നിയമനം.

10. എൽ.പി.എസ്.ടി. ആയിരുന്ന ശ്രീമതി.റോസ്ലിൻ കെ.എം. 31.05.2019 ന വിരമിച്ചതുമൂലമുണ്ടായ ഒഴിവിൽ 06/06/2019 മുതൽ എൽ.പി.എസ്.ടി. ആയി ശ്രീമതി റോഷ്നി സി.സി.യുടെ നിയമനം.

11. എച്ച്.ടി.വി. തസ്തികയിൽ നിയമനം അംഗീകരിക്കാത്തതിനാൽ യു.പി.എസ്.ടി.ആയിരുന്ന ശ്രീമതി കെ.പി.റോസി 31,03,2021 ന വിരമിച്ച ഒഴിവിൽ ശ്രീമതി ഷിജി.വി. യുടെ നിയമനം.

12. യു.പി.എസ്.ടി ആയിരുന്ന ശ്രീമതി കെ. ഗീത 31/05/2020 ന് വിരമിച്ച ഒഴിവിൽ ശ്രീമതി സജീന.എച്ച് ന്റെ 15/07/2021 മുതൽക്കുള്ള നിയമനം.

13. എൽ.പി.എസ്.ടി. ആയിരുന്ന ശ്രീമതി.ലിസ്സി മാത്യു കുന്നേൽ 06/06/2020 മുതൽ പ്രധാനാധ്യാപിക ആയ ഒഴിവിൽ 15/07/2021 മുതലുള്ള ശ്രീമതി. പ്രദീപ എം.വി യുടെ നിയമനം.

14. ഓഫീസ് അറ്റന്റന്റ് ആയ ശ്രീ ജയപ്രസാദ് പിക്ക് 15/07/2021 മുതൽ ഹിന്ദി അധ്യാപകനായി സ്ഥാനക്കയറ്റം ലഭിച്ച നിയമനം.

15. ഓഫീസ് അറ്റന്റന്റ് ആയ ശ്രീ ജയപ്രസാദ് പി.ക്ക് 15/07/2021 മുതൽ ഹിന്ദി അധ്യാപകനായി സ്ഥാനക്കയറ്റം ലഭിച്ചത് മൂലമുണ്ടായ ഒഴിവിൽ 15.07.2021 മുതൽക്കുള്ള ശിവൻ എം.ന്റെ നിയമനം.

അംഗീകരിച്ച നിയമനങ്ങൾ

1. പ്രധാനാധ്യാപിക ആയുള്ള ശ്രീമതി ലിസ്സി മാത്യു കുന്നേലിന്റെ

   01.06.2020 മുതലുള്ള നിയമനം.

2. ശ്രീമതി റിഫാന എം. ന്റെ 06.06.2019 മുതലുള്ള ഉറുദു

   അധ്യാപിക ആയുള്ള നിയമനം.

3. യു.പി.എസ്.ടി ആയിരുന്ന ശ്രീമതി.ടി.ടി.ഫ്ലോറി 30/06/2013 നു വിരമിച്ച ഒഴിവിൽ എൽ.പി.എസ്.ടി ആയുള്ള ആരതി.എസ്.ന്റെ 01/06/2017 മുതലുള്ള നിയമനം.

4. എൽ.പി.എസ്.എ.ആയിരുന്ന ശ്രീമതി ലീലാമ്മ.കെ.യു 31.03.2014 ന് വിരമിച്ചത് മൂലമുള്ള ഒഴിവിൽ ശ്രീ.ഇ.കെ പ്രദീഷിനെ നിയമിച്ച് അദ്ദേഹം 25.11.2014 ന് രാജിവെച്ച ഒഴിവിൽ 01/06/2017 മുതലുള്ള ശ്രീമതി നൗഷിജ എം.എ. യുടെ നിയമനം.

2012-13 ൽ അനുവദിച്ച 1 അധിക എൽ.പി.എസ്.ടി തസ്തിക 2013-14, 2014-15, 2015-16 വർഷങ്ങളിൽ നിലനിന്നു. എന്നാൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്തിയിട്ടില്ല. ആയതിനാൽ 2015-16 ഈ തസ്തിക നിലനിൽക്കുമോ എന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്. അതുപോലെ തന്നെ, 2015-2016 ൽ അനുവദിച്ച 1 എൽ.പി.എസ്.ടി അധിക തസ്തിക 2016-17, 2017-18, 2018-19 വർഷങ്ങളിൽ നിലനിന്നു. എന്നാൽ ഈ തസ്തികയിലും നിയമനം നടത്തിയിട്ടില്ല. 2017-18 ൽ അനുവദിച്ച 1 അധിക തസ്തികയിൽ ശ്രീമതി. ഷംന.എം.എ യെ നിയമിച്ചെങ്കിലും 2021-22 ൽ തസ്തിക നിർണ്ണയം നടത്താത്തതിനാൽ തസ്തിക നിലനിൽക്കുമോ എന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്.

| | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 പുതുക്കിയത് |
|---|---|---|---|---|---|---|---|---|---|
| LP | 14 | 14+<br>1(12-13<br>15 | 14+<br>1(12-13)<br>1(13-14)<br>16 | 14+<br>1(12-13)<br>15 | 15+<br>1(15-16)<br>16 | 15+<br>1(15-16)<br>16 | 15+<br>1(15-16)<br>1(17-18)<br>17 | 16+<br>1(17-18)<br>2(18-19)<br>19 | 16+<br>1(17-18)<br>17 |
| UP | 14 | 14-1<br>13 | 13-1<br>12 | 12 | 12-1<br>11 | 11 | 11+1<br>12 | 11 | 11+1<br>12 |
| Total | 28 | 28 | 28 | 27 | 27 | 27 | 29 | 30 | 29 |
| | | LP+1 | LP+1 | LP-1 | LP+1 | ---- | LP+1 | LP+2 | LP-2 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | UP-1 | UP-1 | | UP-1 | | UP+1 | UP-1 | UP+1 |

കോഴിക്കോട് സൂപ്പർ ചെക്ക്സെൽ പരിശോധനയുടെ ഭാഗമായി വ്യാജ അഡ്മിഷനുകൾ കണ്ടെത്തിയതിനാൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 03/09/2021 ലെ എസ്.സി/90/2020/കെ.കെ.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04-01-2022 ലെ സി/120138/2022 നമ്പർ ഉത്തരവ് പ്രകാരം 2019-20 വർഷത്തെ തസ്തിക നിർണ്ണയം പുതുക്കി

| | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|---|---|---|---|
| അംഗീകരിച്ച എല്.പി തസ്തികകള് | 14+1 | 14+2 | 14+1 | 15+1 (2012-13-ല് അധിക തസ്തിക) | 15+1 | 15+2 | 16+1 | 16+1 |
| അംഗീകാരമുള്ള എല്.പി അധ്യാപകര് | 15 | 15 | 14 | 14 | 14 | 15 | 14 | 12 |
| അംഗീകരിച്ച യു.പി തസ്തികകള് | 13 | 12 | 12 | 11 | 11 | 11+1 | 11 | 11+1 |
| അംഗീകാരമുള്ള യു.പി അധ്യാപകര് | 13 | 12 | 12 | 12 | 12 | 11 ( 1 യു.പി.എസ്.ടി മരണപ്പെട്ടു. ടി.പി.സുന്ദരൻ) | 11 | 11 |

(സ്കൂൾ അപ്ഗ്രേഡ് ചെയ്ത നിലയ്ക്ക് നിയമിച്ച സംരക്ഷിത അധ്യാപകരുടെ എണ്ണം എൽ.പി യിലെ അംഗീകരിച്ച അധ്യാപകരുടെ എണ്ണത്തിൽ കൂട്ടിയിട്ടുണ്ട്. 2017-18 ൽ 2- എൽ.പി.എസ്.ടി മാരുടെ നിയമനം അംഗീകരിച്ചിരുന്നു.)

ഇനിയും നിലനിൽക്കുന്ന തടസ്സവാദങ്ങൾ

- 12-01-2010 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 10/2010/പൊ.വി.വ പ്രകാരം ബോണ്ട് എക്സിക്യൂട്ട് ചെയ്ത് 2 യു.പി.എസ്.ടി നിയമനങ്ങൾ മാനേജർ നടത്തിയിട്ടുണ്ട്. ആയതിലെ വ്യവസ്ഥകൾ മാനേജർ നാളിതുവരെ പാലിച്ചിട്ടില്ല.

- യു.പി.എസ്.ടി ആയിരുന്ന ശ്രീ സുനന്ദൻ. ടി.പി 22-03-2017 ന് മരണപ്പെട്ടതുമൂലം അദ്ദേഹത്തിന്റെ ആശ്രിത നിയമനം സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്.

- 2010-11 വർഷത്തിൽ അക്കര എൻ.എം.യു.പി.എസ് ലെ 3 യു.പി.എസ്.ടി തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായതിനാൽ 3 യു.പി.എസ്ടി മാരായ

1. ശ്രീമതി. ബിന്ദു ഗീ വർഗ്ഗീസ്

2. ശ്രീമതി. റൂബി ജേക്കബ്ബ്

3. ശ്രീമതി വിജയലക്ഷ്മി (വിരമിച്ചു)

എന്നിവരെ എൽ.പി.എസ്.ടി വിഭാഗത്തിലേക്ക് ഷിഫ്റ്റ് ചെയ്ത മാനേജരുടെ നടപടി 29-03-2011 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1234/2011/പൊ.വി.വ പ്രകാരം വ്യവസ്ഥയോടെ സാധൂകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ ഏഴാം ഖണ്ഡികയിൽ ഇത്തരത്തിൽ എൽ.പി.എസ്.ടി ആയി ഷിഫ്റ്റ് ചെയ്തവരെ അടുത്തുവരുന്ന യു.പി.എസ്.ടി ഒഴിവിലേക്ക് മാറ്റമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സർക്കാരിൽ നിന്ന് 10-12-2021 ലെ ബി3/344/2021/പൊ.വി.വ. നമ്പർ കത്ത് ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം മാനേജർ പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് സർക്കാരിൽ റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശവും മാനേജർ പാലിച്ചതായി കാണുന്നില്ല. എന്നാൽ ക്രമ നമ്പർ 1, 2 എന്നീ പേരുകൾ ടി.ടി.സി യോഗ്യത കൂടി ഉള്ളവർ ആയതിനാൽ എൽ.പി വിഭാഗത്തിൽ തുടരുന്നതിന് യോഗ്യതയുള്ളവരാണ്.

08/11/2021 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.19/2021/പൊ.വി.വ പ്രകാരം ഭിന്നശേഷി വിഭാഗക്കാർക്കുള്ള സംവരണം പാലിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്. മാത്രമല്ല, ഡബ്ലിയു.പി.(സി) നം.19808/2021 മേലുള്ള 23/12/2021 ലെ വിധിന്യായം, 23/09/2021 ലെ ഡബ്ലിയു.പി.(സി) നം.19808/2021മേലുള്ള വിധിന്യായ പ്രകാരം 15-07-2021 മുതലുള്ള നിയമനങ്ങൾക്ക് സ്റ്റേ ചെയ്തിട്ടുണ്ട്.

2010 മുതലുള്ള തസ്തിക നിർണ്ണയ ഉത്തരവുകളിൽ അധ്യാപകരുടെയും തസ്തികകളും വ്യത്യസ്തമായാണ് കാണിച്ചിരിക്കുന്നത്. 2019 ലെ സീനിയോറിറ്റി ലിസ്റ്റ് അംഗീകരിക്കുന്ന വേളയിൽ അന്ന് നിലവിൽ ഉണ്ടായിരുന്ന അധ്യാപകരുടെ സേവന പുസ്തകം പരിശോധിച്ച് തീരുമാനം എടുത്ത്, അംഗീകരിച്ച നൽകിയതാണ്. എന്നാൽ 2019 ന് മുമ്പ് വിരമിച്ച അധ്യാപകരുടെ തസ്തിക സംബന്ധിച്ച് ഈ കാര്യാലയത്തിന് വ്യക്തത ഉണ്ടെങ്കിലും വ്യത്യസ്തമായ നിലപാടാണ് മാനേജർ സ്വീകരിച്ചിരിക്കുന്നത്. "

4. സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ടി റിട്ട് ഹർജിയിലെ അഞ്ച് മുതൽ പതിനാല് വരെ എതിർകക്ഷിക്കാരുടെ നിയനാംഗീകാരത്തിൽ ചുവടെ നിർദ്ദേശിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിയ്ക്കാൻ ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഹർജിക്കാരനായ പാലക്കാട്, കാവശ്ശേരി അക്കര എൻ. എം. യു. പി. സ്കൂൾ മാനേജർ സർക്കാരിൽ ഫയൽ ചെയ്ത പരാമർശം 1 പുന പരിശോധനാ ഹർജികൾ(Ext.P53 മുതൽ Ext.P62 വരെ) തീർപ്പാക്കി അപ്രകാരം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

a) ഡബ്ല്യൂ. പി (സി) നം. 23305/2021 ലെ എതിർകക്ഷിക്കാരിൽ ക്രമനം. അഞ്ചും ആറും എതിർകക്ഷിക്കാർ നിയമിതരായത് പ്രൊട്ടക്റ്റഡ് റ്റീച്ചറെ നിയമിക്കേണ്ടതല്ലാത്ത ഒഴിവുകളിലേയ്ക്കാണെന്ന മാനേജരുടെ വാദം വിദ്യാഭ്യാസ അധികൃതർ ഖണ്ഡിക്കാത്തസ്ഥിതിയ്ക്ക് ടി നിയമനങ്ങൾ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകാവുന്നതാണ്.

b) ഉയർത്തപ്പെട്ട സെക്ഷനിൽ പ്രൊട്ടക്റ്റഡ് റ്റീച്ചറെ നിയമിച്ചിട്ടുള്ളതിനാലും പ്രീ- അപ് ഗ്രേഡഡ്

സെക്ഷനിൽ പ്രൊട്ടക്റ്റഡ് റ്റീച്ചറെ നിയമിക്കേണ്ട ആവശ്യമില്ലെന്ന് നേരത്തേതന്നെ ഉത്തരവുകളുള്ളതിനാലും ക്രമനം. 7 മുതൽ 10 വരെയും 12ഉം എതിർകക്ഷിക്കാർ ജി.ഒ(പി) 4/ 2021 ഉത്തരവിന്റെ ആനുകൂല്യത്താൽ അംഗീകാരത്തിന് അർഹരായതിനാൽ അവരുടെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകാവുന്നതാണ്.

c)ക്രമനം. 11, 13, 14 എതിർകക്ഷിക്കാർ15.7.2021 തീയതി മുതൽക്ക് അംഗീകാരത്തിന് അർഹരായതിനാൽ അവരുടെ നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലത്തൂർ.
മാനേജർ, എൻ. എം. യു. പി. സ്കൂൾ, അക്കര, കാവശ്ശേരി, പാലക്കാട്.
പ്രഥമാദ്ധ്യാപിക, എൻ. എം. യു. പി. സ്കൂൾ, അക്കര, കാവശ്ശേരി, പാലക്കാട്.
ശ്രീമതി. ഷംന.എ, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എൻ. എം. യു. പി. സ്കൂൾ, അക്കര, കാവശ്ശേരി, പാലക്കാട്.
ശ്രീമതി. ആതിര. എസ്സ്, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എൻ. എം. യു. പി. സ്കൂൾ, അക്കര, കാവശ്ശേരി, പാലക്കാട്.
ശ്രീമതി. കൃഷ്ണേന്ദു. കെ, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എൻ. എം. യു. പി. സ്കൂൾ, അക്കര, കാവശ്ശേരി, പാലക്കാട്.
ശ്രീമതി. റോഷിനി. സി.സി, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എൻ. എം. യു. പി. സ്കൂൾ, അക്കര, കാവശ്ശേരി, പാലക്കാട്.
ശ്രീമതി. ഷെഹർബാൻ. സി. എം, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എൻ. എം. യു. പി. സ്കൂൾ, അക്കര, കാവശ്ശേരി, പാലക്കാട്.
ശ്രീമതി. ഡാലിയ. വി, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
എൻ. എം. യു. പി. സ്കൂൾ, അക്കര, കാവശ്ശേരി, പാലക്കാട്.
ശ്രീമതി. ഷിജി. വി, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
എൻ. എം. യു. പി. സ്കൂൾ, അക്കര, കാവശ്ശേരി, പാലക്കാട്.
ശ്രീമതി.ഷഹന എം.എ, എൽ ജി(അറബിക്ക്),
എൻ. എം. യു. പി. സ്കൂൾ, അക്കര, കാവശ്ശേരി, പാലക്കാട്.
ശ്രീമതി. സജീന. എച്ച്, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
എൻ. എം. യു. പി. സ്കൂൾ, അക്കര, കാവശ്ശേരി, പാലക്കാട്.
ശ്രീമതി. പ്രദീപ. എം. വി, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എൻ. എം. യു. പി. സ്കൂൾ, അക്കര, കാവശ്ശേരി, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 06-04-2022 12:44:24**
സെക്ഷൻ ഓഫീസർ